സെക്രട്ടേറിയറ്റിലെ ഇ-ഫയലിംഗ് സംവിധാനം

57(58) ശ്രീ. ജോസ് തെറ്റയിൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റിൽ ഇ-ഫയലിംഗ് എല്ലാ വകുപ്പുകളിലും നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഏതെല്ലാം വകുപ്പുകളിലാണ് പ്രസ്തുത സംവിധാനം ഏർപ്പെടുത്തേണ്ടതായിട്ടുള്ളത്;

(സി) പ്രസ്തുത സംവിധാനം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനാവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ ;

(ഡി) ഇ-ഫയലിംഗ് ഏർപ്പെടുത്തിയതിനുശേഷം ഫയൽ സംബന്ധമായ വിവരങ്ങൾ അറിയുന്നതിൽ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ ;

(ഇ) ഐഡിയാസ് സംവിധാനത്തിന് പകരമായി ഇ-ഫയലിംഗ് ഏർപ്പെടുത്തിയതോടെ പൊതുജനങ്ങൾക്കും ജനപ്രതിനിധികൾക്കും ഫയൽ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കുമോ ?

ഉത്തരം

(എ) നിലവിൽ 19 വകുപ്പുകളിൽ ഇ-ഓഫീസ് പൂർണ്ണമായോ ഭാഗികമായോ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഘട്ടം ഘട്ടമായി എല്ലാ വകുപ്പുകളിലും നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. സെക്രട്ടറിയേറ്റിൽ ഇനി ഇ-ഫയലിംഗ് നടപ്പിലാക്കുവാനുള്ള വകുപ്പുകളെ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു*.

(സി) ഉണ്ട്.

(ഡി&ഇ) ഇ-ഓഫീസ് സംവിധാനത്തിലൂടെ ഫയൽ നീക്കം സംബന്ധിച്ചുള്ള വിവരങ്ങൾ പൊതുജനത്തിന് ഇന്റർനെറ്റിലൂടെ അറിയുന്നതിനുള്ള സംവിധാനമായ 'public interface module' ഇ-ഓഫീസ് സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly